"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. സഫീർ.എൻ-ന്റെ പിതാവിന്റെ ചികിത്സയ്ക്കായി കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.57/2024/F&WLD — തീയതി,തിരുവനന്തപുരം, 30-01-2024.

---

പരാമർശം:-

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 26.07.2023, 11.01.2024 തീയതികളിലെ എച്ച്2/506/2022 നമ്പർ കത്ത്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.05.2023 ലെ (എൽ.ഡിസ്) എം.ആർ 5-169300/2023/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. സഫീർ.എൻ-ന്റെ പിതാവിന്റെ ചികിത്സയ്ക്കായി കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ ശിപാർശ സഹിതം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. സഫീർ.എൻ - ന്റെ പിതാവിന്റെ ചികിത്സയ്ക്ക് 27.09.2021 മുതൽ 05.10.2021 വരെയും, 08.01.2022 മുതൽ 17.01.2022 വരെയും കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 67867/- രൂപയുടെ 80 ശതമാനമായ 54,294/- രൂപയും (അൻപത്തി നാലായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം), 50,581/-രൂപയുടെ 80% ആയ 40,465/- രൂപയും (നാല്പതിനായിരത്തി നാനൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) ചേർത്ത് ആകെ 94,759/- (തൊണ്ണൂറ്റി നാലായിരത്തി എഴുനൂറ്റി അൻപത്തി ഒൻപത് രൂപ) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. സഫീർ.എൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (07.12.2023 ലെ 2578903/ലോൺസ്-എൽ1/403/2023-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 31-01-2024 09:41:07

സെക്ഷൻ ഓഫീസർ.